**അടിയന്തരപ്രമേയം**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ

മി. സ്പീക്കർ: സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിൽ പോലീസിന്റെ ഭാഗത്തുണ്ടായിട്ടുള്ള അനാസ്ഥമൂലം ജനങ്ങളിൽ ഉളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി ഷാനിമോൾ ഉസ്മാൻ, ശ്രീ. കെ. എം. ഷാജി, ഡോ. എൻ. ജയരാജ്, ശ്രീ. അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവനന്തപുരം കുന്നത്തുകാലിൽ വാസു എന്നയാളുടെ ചെറുമകളെ 06-01-2020-ന് അനു എന്ന യുവാവ് വീട്ടിൽ അതിക്രമിച്ച് കയറി മുത്തച്ഛനെ ആക്രമിച്ചശേഷം ചെറുമകളുടെ കഴുത്തിൽ കറിക്കത്തി ഉപയോഗിച്ച് മുറിവേൽപ്പിച്ചശേഷം സ്വയം കഴുത്തിൽ മുറിവേൽപ്പിച്ച സംഭവമുണ്ടായി. വിവരം അറിഞ്ഞെത്തിയ പോലീസ് സംഘം ഇരുവരെയും കാരക്കോണം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചപ്പോഴേയ്ക്കും പെൺകുട്ടി മരണപ്പെട്ടു. അനുവിനെ തിരുവനന്തപുരം

മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോകവേ അനുവും മരണപ്പെട്ടു. ഇക്കാര്യത്തിൽ മുത്തച്ഛന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി. 450, 302 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 36/2020 ആയി വെള്ളറട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് പോലീസ് അന്വേഷണത്തിൽ അവർ തമ്മിൽ മുമ്പ് പ്രണയത്തിലായിരുന്നുവെന്നും അനുവിന്റെ സ്വഭാവദൂഷ്യം കാരണം പ്രണയത്തിൽനിന്നും പെൺകുട്ടി പിൻമാറിയശേഷവും അനു ശല്യം ചെയ്തിരുന്നുവെന്നും പ്രണയത്തിൽനിന്നും പിൻമാറിയതിലുള്ള വിരോധത്താൽ പെൺകുട്ടിയുടെ വീട്ടിൽ അതിക്രമിച്ചുകയറി കൊലപ്പെടുത്തിയശേഷം യുവാവ് ആത്മഹത്യ ചെയ്തതായിട്ടുമാണ് വെളിവായിട്ടുള്ളത്. കേസിന്റെ അന്വേഷണം വെള്ളറട പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ (എസ്.എച്ച്.ഒ.) നടത്തിവരികയാണ്.

വലിയമല കുന്നത്തുമല സ്കൂൾ വിദ്യാർത്ഥിനിയെ സ്കൂളിന്റെ ഡയറക്ടറും അദ്ധ്യാപകനുമായ യശോധരൻ 05-02-2020-ന് സ്കൂളിലെ ക്ലാസ്സ് മുറിയിൽ വച്ച് ലൈംഗികമായി പീഡിപ്പിച്ചതായുള്ള കുട്ടിയുടെ പിതാവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ 07-02-2020-ൽ വനിതാ പോലീസ് ഉദ്യോഗസ്ഥയെ

കുട്ടിയുടെ വീട്ടിൽ അയച്ച് മൊഴി രേഖപ്പെടുത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പോക്സോ ആക്ട് 7, 8, 9 വകുപ്പുകൾ പ്രകാരം വലിയമല പോലീസ് സ്റ്റേഷനിൽ ക്രൈം നം. 53/2020 ആയി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പീഡനത്തിനിരയായ കുട്ടിയുടെ രഹസ്യമൊഴി നെടുമങ്ങാട് ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ രേഖപ്പെടുത്തി പ്രതിയെ 07-02-2020-ൽ തന്നെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണം വലിയമല പോലീസ് ഇൻസ്പെക്ടർ നടത്തിവരുന്നു.

വാളയാറിൽ ലൈംഗിക പീഡനത്തിനിരയായ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ മരണപ്പെട്ട കേസുകളിൽ പ്രതികളെ വിചാരണ കോടതി വെറുതെ വിട്ടതിനെതിരെ സർക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ക്രിമിനൽ അപ്പീൽ നം. 1357/19, 1358/19, 1359/19, 1360/19, 1361/19, 1363/19 എന്നിങ്ങനെ ആറ് അപ്പീലുകൾ സമർപ്പിച്ചിട്ടുള്ളതും ആയത് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുമാണ്. പെൺകുട്ടികളുടെ മരണത്തെ സംബന്ധിച്ച് വിശദമായി അന്വേഷിക്കുന്നതിനായി Commissions of Enquiry Act പ്രകാരം റിട്ടയേർഡ് ജില്ലാ ജഡ്ജിയായ ശ്രീ. പി. കെ.

ഹനീഫയെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. 2009 നവംബർ 26-ന് SRO No. 919/2019 ആയി ഇത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ അന്വേഷണം നടത്തിവരികയാണ്. ഈ സംഭവത്തിൽ സി.ബി.ഐ. ഉൾപ്പെടെയുള്ള ഏത് അന്വേഷണവും മാതാപിതാക്കൾ കോടതിയിൽ ആവശ്യപ്പെട്ടാൽ സർക്കാർ അതിനെ എതിർക്കില്ലെന്ന കാര്യം നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമ കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. സ്ത്രീ സുരക്ഷാ നിയമങ്ങളെ സംബന്ധിച്ചും അവരുടെ അവകാശങ്ങളെ സംബന്ധിച്ചും ശക്തമായ ബോധവൽക്കരണ പരിപാടികളിലൂടെ ലഭിച്ച അറിവുകൾ മുഖേന കുട്ടികൾ അവർക്കുനേരെ ഉണ്ടായിട്ടുള്ള ലൈംഗീകാതിക്രമങ്ങൾ പുറത്തുപറയാൻ മുന്നോട്ടുവരുന്ന സാഹചര്യം സംസ്ഥാനത്താകമാനം വന്നുകഴിഞ്ഞിട്ടുണ്ട്. ഇത്തരം പരാതികളിൽ കേസുകൾ എടുത്ത് അന്വേഷിക്കുന്നതിൽ പോലീസ് ജാഗ്രതയോടെ ഇടപെടുന്നുമുണ്ട്. ഫലപ്രദമായ ഇത്തരം ഇടപെടലുകളുടെ ഭാഗമായി കേസുകളുടെ എണ്ണത്തിൽ നാമമാത്രമായ വർദ്ധനവ് കാണാനാകുന്നുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ഊർജ്ജിതമായ അന്വേഷണവും പ്രതികൾക്കെതിരെ ശക്തമായ

നിയമനടപടികളും സ്വീകരിച്ചുവരികയാണ്. അതുകൊണ്ടുതന്നെ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നമൊന്നും ഇതിൽ അടങ്ങിയിട്ടില്ല.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ലോകത്ത് ഏറ്റവും അധികം കുട്ടികളുള്ള രാജ്യമാണ് ഇന്ത്യ. ഐക്യരാഷ്ട്ര സഭയുടെ Convention of Child Register-ൽ ഒപ്പുവച്ചിട്ടുള്ള രാജ്യമെന്ന നിലയ്ക്ക് കുട്ടികളുടെ സാർവ്വദേശീയ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള നിയമങ്ങളും അതിന്റെ പ്രയോഗവും നടപ്പാക്കാൻ ബാധ്യതപ്പെട്ട ഒരു രാജ്യമാണ് ഇന്ത്യ. Juvenile Justice (Care and Protection of Children) Act പ്രകാരം 18 വയസ്സിൽ താഴെയുള്ളവരാണ് കുട്ടികൾ. കുട്ടികളുടെ സുരക്ഷിത ബാല്യത്തിനായുള്ള നിയമങ്ങളും വ്യവസ്ഥകളും ഭരണഘടനയിൽ അനുശാസിക്കുന്നുമുണ്ട്. Juvenile Justice (Care and Protection of Children) Act, 2015 പ്രകാരം കുട്ടികളെ ആക്രമിക്കുകയോ അവഗണിക്കുകയോ അതിലൂടെ കുട്ടിക്ക് മാനസികമോ ശാരീരികമോ ആയിട്ടുള്ള സമ്മർദ്ദം ഏൽപ്പിക്കുകയോ ചെയ്യുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്. ഇത് പറയുമ്പോഴാണ് നെടുമങ്ങാട് പിഞ്ചു വിദ്യാർത്ഥിനിയെ അദ്ധ്യാപകൻ പീഡിപ്പിച്ച സംഭവം പ്രസക്തമാകുന്നത്. പോക്സോ ഒഫൻഡേഴ്സിന് കൃത്യമായ ഫോളോ അപ്പ് വേണമെന്നും കുട്ടികളുമായി ഇത്തരം ഒഫൻഡേഴ്സ് ഇടപെടുന്നത്

തടയണമെന്നും ഇത്തരം ഒഫൻഡേഴ്സിന്റെ ഡാറ്റാബേസ് ഉണ്ടാകണമെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്വം പോലീസിനും ബാലാവകാശ കമ്മീഷനുമാണ്. ഇത്തരം കുറ്റകൃത്യങ്ങളിൽ 30 ശതമാനം മാത്രമേ റിപ്പോർട്ട് ചെയ്യപ്പെടുന്നുള്ളൂവെന്നത് നാം മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. അതിൽത്തന്നെ പല തരത്തിലുള്ള ഇടപെടലിലൂടെ 10 ശതമാനത്തിന് താഴെ മാത്രമാണ് കൺവിക്ഷനുണ്ടാകുന്നുള്ളൂവെന്നതും വസ്തുതയാണ്. നെടുമങ്ങാട് പിഞ്ചു വിദ്യാർത്ഥിനിയെ പീഡിപ്പിച്ച കേസിലെ ഇതേ പ്രതി ഇതിനുതൊട്ടുമുൻപ് ഉഴമലയ്ക്കൽ പോലീസ് അറസ്റ്റ് ചെയ്യപ്പെടുകയും  പോക്സോ നിയമപ്രകാരം ജയിൽശിക്ഷ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ഒഫൻഡേഴ്സ് കുട്ടികളുമായി ഇടപഴകുന്നതിൽനിന്നും തടയണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശം നിലനിൽക്കെ ഇത്തരത്തിൽ കേസിൽപ്പെട്ട ഒരാൾ എങ്ങനെയാണ് വീണ്ടും  ഒരു കേസിൽപ്പെട്ടത് എന്നതിന് സംസ്ഥാന സർക്കാരാണ് കൃത്യമായ മറുപടി പറയേണ്ടത്. നെടുമങ്ങാട് പീഡനത്തിനിരയായ കുട്ടിയുടെ മൊഴിയെടുക്കാൻ പോയ വനിതാ പോലീസ് ഉദ്യോഗസ്ഥ കരഞ്ഞുകൊണ്ടാണ് മൊഴി എഴുതിയെടുത്തത്. ഇത് ചെറിയ

കാര്യമല്ല. ഇതൊരു രാഷ്ട്രീയ പ്രശ്നമൊന്നുമല്ല, ഒരു സാമൂഹ്യ പ്രശ്നമാണ്. ഈ സാമൂഹ്യ പ്രശ്നത്തിൽ ഗവൺമെന്റ് ഇടപെടുന്നത് എങ്ങനെയാണ് എന്നതാണ് ഇവിടത്തെ പ്രധാന ചോദ്യം. ഒരു കേസിൽ പ്രതിയായിരുന്ന അതേയാൾ കുറച്ചുനാൾ കഴിഞ്ഞപ്പോൾ വീണ്ടും കുട്ടികളെ പഠിപ്പിക്കാൻ പോകുകയാണ്. കുറ്റകൃത്യം ചെയ്ത ഇയാളെ പോലീസ് എവിടെയാണ് നിരീക്ഷിച്ചിട്ടുള്ളത്; ബാലാവകാശ കമ്മീഷൻ ഇത്തരത്തിലുള്ള കാര്യത്തിൽ എവിടെയാണ് ഇടപെട്ടിട്ടുള്ളത് എന്നതിനെ സംബന്ധിച്ച് കൃത്യമായിട്ടുള്ള ഉത്തരം നമുക്ക് ലഭിക്കേണ്ടതുണ്ട്.

നമ്മുടെ നാട്ടിലെ പോക്സോ കേസുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട സംഭവം തന്നെയാണ് വാളയാർ കേസ്. ഒരമ്മ പ്രസവിച്ച 9-ഉം 13-ഉം വയസ്സുള്ള രണ്ട് കുഞ്ഞുങ്ങളെ 53 ദിവസങ്ങൾക്കുള്ളിൽ ഒരേ രീതിയിൽ പീഡിപ്പിച്ച് കൊലപ്പെടുത്തുന്നത് ലോകത്തുതന്നെ ഇതാദ്യമായിരിക്കും. ഈ കേസിനകത്ത് കാര്യങ്ങൾ ചോദിക്കുമ്പോൾ പോലീസ് കളിച്ച കളി നമ്മൾ കണ്ടു. പ്രോസിക്യൂട്ടറും പോലീസും രാഷ്ട്രീയ നെക്സസും അതിനകത്തുണ്ടെന്നത് പുറത്തുവന്നിട്ടുള്ള കാര്യമാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ച കമ്മീഷൻ മുമ്പാകെ എസ്.പി. ശ്രീ. ശിവവിക്രം നൽകിയ

മൊഴിയുണ്ട്. പ്രാഥമികാന്വേഷണത്തിൽ വീഴ്ച സംഭവിച്ചെന്നും തെളിവുകൾ ശേഖരിക്കുന്നതിലും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിലും വീഴ്ചയുണ്ടായി എന്നും എസ്. പി. ശ്രീ. ശിവവിക്രം പി.കെ. ഹനീഫ കമ്മീഷനിൽ പറഞ്ഞിരിക്കുന്നു. അരിവാൾ പാർട്ടിയുടെ ചില ആളുകൾ ഇതിന്റെ പ്രതിസ്ഥാനത്തുണ്ടെന്ന് ആ കുട്ടികളുടെ അമ്മ പറഞ്ഞത് ഞങ്ങളുടെ മുന്നിലുണ്ട്. ആദരണീയരായ വനിതാമന്ത്രിയടക്കമുള്ളവർ ഈ സഭയിലുണ്ട്. വാളയാർ കേസിൽ ഇവരൊക്കെ ഇത്രയധികം നിശബ്ദത പാലിക്കുന്നതെന്തിനാണ്? കേരളത്തിലെ വനിതാപ്രസ്ഥാനങ്ങളുടെ വക്താക്കളായിട്ടുള്ളവർ ഇവിടെ മിണ്ടാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പറയണം. സംസ്ഥാനത്ത് തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഇന്ന് ശ്രീമതി വീണാ ജോർജ്ജ് എം.എൽ.എ. അവതരിപ്പിക്കുന്ന ശ്രദ്ധക്ഷണിക്കൽ. കേരളത്തിൽ സ്ത്രീകൾ സുരക്ഷിതരല്ല എന്നുള്ളതിന് ഇതിൽക്കൂടുതൽ തെളിവുവേണോ? സ്ത്രീസുരക്ഷയുടെ പേര് പറഞ്ഞ് അധികാരത്തിൽ വന്ന ഗവൺമെന്റാണിത്. തലയ്ക്കുതാഴെ വാക്കത്തിയില്ലാതെ കിടന്നുറങ്ങുന്നതിനുവേണ്ടി എൽ.ഡി.എഫ്.-ന് വോട്ട് ചെയ്യണമെന്നാണ് വീടുവീടാന്തരം കയറി പറഞ്ഞത്. ഇതൊക്കെ പറഞ്ഞ്

അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് സാക്ഷര കേരളമെന്നും സുന്ദര കേരളമെന്നുമുള്ള കേരളത്തിന്റെ നല്ല പേരുകൾ കളഞ്ഞില്ലേ? സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണങ്ങളുടെ കാര്യത്തിൽ കേരളം ഇന്ത്യയിൽ ഒന്നാമതെത്തി നിൽക്കുന്നുവെന്നത് അപമാനമാണ്. സാക്ഷര കേരളത്തിൽ എന്തുകൊണ്ട് ഇത് സംഭവിക്കുന്നു? രാജ്യമാകെ ഇത് ചർച്ച ചെയ്യുകയാണ്. കേരളം പോലുള്ള സംസ്ഥാനത്തിൽ എന്തുകൊണ്ട് ഇത് നടക്കുന്നു; ഇതിനെന്താണ് പരിഹാരം? ഒരു രാജ്യത്തിന്റെ സ്റ്റാൻഡേർഡ് ഓഫ് ലിവിംഗ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമായി കണക്കാക്കുന്ന പ്രധാന കാര്യം അവിടത്തെ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയാണ്. ഇവിടെ പോലീസിനെക്കൊണ്ട് റൂട്ട് മാർച്ച് നടത്തിച്ചശേഷം സ്ത്രീകളെ അർദ്ധരാത്രി റോഡിലൂടെ നടത്തിക്കുന്ന സർക്കാർ സ്പോൺസേർഡ് പ്രോഗ്രാമുകളല്ലാതെ കേരളത്തിലെ സ്ത്രീസുരക്ഷയ്ക്കുവേണ്ടി ഈ ഗവൺമെന്റ് യാതൊന്നും ചെയ്യുന്നില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മൂന്നുവർഷത്തിനിടെ 380 ഗാർഹിക പീഡനകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആന്ധ്രാപ്രദേശ്, അരുണാചൽപ്രദേശ്, ഗോവ, ജമ്മുകാശ്മീർ, മണിപ്പൂർ, മേഘാലയ, നാഗാലാന്റ്, ഒഡീഷ, സിക്കിം, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ ഇത്തരത്തിൽ ഒരു

കേസ്സുപോലും റിപ്പോർട്ട് ചെയ്തിട്ടില്ല. ഇവിടെ ഇത്തരം കേസ്സുകളുണ്ടാകുന്നത് എന്തുകൊണ്ടാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്, ഇവിടെ പരാതി പറയുന്നുവെന്നതുകൊണ്ടാണ് എന്നാണ്. പരാതി കൊടുക്കുന്നു എന്നുള്ളതുകൊണ്ടല്ല, ഇരകൾക്കും വേട്ടക്കാരനുമൊപ്പം നീങ്ങുന്ന സർക്കാരിന്റെ നയം മാത്രമാണ് കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിന്റെ ഏറ്റവും പ്രധാന കാരണം. രണ്ടും കൂടി നടക്കുമോ? ഒന്നുകിൽ ഇരകൾക്കൊപ്പം പോകണം, ഇല്ലെങ്കിൽ വേട്ടക്കാർക്കൊപ്പം പോകണം. നമ്മുടെ നാട്ടിലെ എത്രയോ കേസ്സുകൾ എടുത്ത് പറയാൻ സാധിക്കും. ഇന്ന് ഏറ്റവും കൂടുതൽ പെൺകുട്ടികളെ കാണാതാകുന്നത് കേരളത്തിൽ നിന്നാണ്. കേരള സംസ്ഥാനത്ത് കാണാതാകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. റാന്നിയിലെ ജസ്ന എന്ന പെൺകുട്ടിയെക്കുറിച്ച് യാതൊരറിവുമില്ല. അത് ക്രൈം ബ്രാഞ്ച് അന്വേഷിക്കുന്നുവെന്നാണ് പറയുന്നത്. രണ്ട് വർഷമാകുന്നു. അന്വേഷണം എവിടെ എത്തിനിൽക്കുന്നുവെന്നത് സംബന്ധിച്ച് യാതൊന്നും പറയുന്നില്ല. മിഷേൽ ഷാജി എന്ന പെൺകുട്ടിയെ കൊലപ്പെടുത്തിയതാണെന്ന് അവരുടെ കുടുംബാംഗങ്ങൾ ശക്തമായി പറയുകയാണ്. പക്ഷേ അതിനെക്കുറിച്ച് അന്വേഷണം നടത്താൻ കേരളത്തിലെ പോലീസിന് കഴിയുന്നില്ല.

സ്ത്രീകൾക്കെതിരെയുള്ള ആക്രമണത്തിൽ ഏറ്റവും മുന്നിലുള്ളത് തലസ്ഥാനം തന്നെയാണ്. തിരുവനന്തപുരത്ത് 1792-ഉം എറണാകുളത്ത് 1654-ഉം കൊല്ലത്ത് 1206-ഉം പത്തനംതിട്ട 654-ഉം ആലപ്പുഴയിൽ 863-ഉം ആണ്. 2018-നെ അപേക്ഷിച്ച് 680 കേസ്സുകൾകൂടി വർദ്ധിച്ചു. ബലാത്സംഗ കേസ്സുകളുടെ കണക്കുകൾ പരിശോധിച്ചാൽ 2018-ൽ 1945-ഉം 2019-ൽ 2076 -ഉം ആണ്. പോക്സോ കേസ്സുകളിൽ കേരളം ഒന്നാമതാണ്. കേരള സംസ്ഥാനത്ത് സ്ത്രീ സുരക്ഷയെ സംബന്ധിച്ച് വളരെ അപകടകരമായ തരത്തിൽ നിരവധി കേസ്സുകളുണ്ടായിക്കൊണ്ടിരിക്കുകയാണ്. പരാതി കൊടുക്കാൻ പോലീസ് സ്റ്റേഷനിലെത്തിയാലുള്ള അവസ്ഥയെന്താണ്? ആദ്യം പരിഹസിക്കും, പിന്നെ ഇതൊന്ന് ഒത്തുതീർപ്പാക്കിക്കൂടേയെന്ന് പോലീസ് ചോദിക്കും. ഇങ്ങനെ വളരെ ലാഘവത്തോടെ കൈകാര്യം ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഇവിടെ പാതിരാത്രി റൂട്ട് മാർച്ച് നടത്തി സ്ത്രീസുരക്ഷയ്ക്കായി സ്ത്രീകളെ കൊണ്ടുപോയി മണിക്കൂറുകൾ കഴിഞ്ഞപ്പോൾ വർക്കല ബീച്ചിൽ ഒരു സഞ്ചാരിക്ക് ഒരു അനുഭവമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് പരാതി നൽകാൻ പോലീസ് സ്റ്റേഷനിലെത്തിയ അവരോട് വെള്ളത്തിൽവച്ച് നടന്ന സംഭവമായതിനാൽ ഇത് ഞങ്ങളുടെ അതിർത്തിയിൽ വരുന്നതല്ലെന്നും തീരദേശ പോലീസിന്

പരാതി കൊടുക്കണമെന്നുമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പറഞ്ഞത്. നമ്മുടെ സംസ്ഥാനത്തേയ്ക്ക് എങ്ങനെയാണ് വിനോദസഞ്ചാരികൾ വരുന്നത്? വെള്ളത്തിൽവച്ച് നടന്ന സംഭവമായതിനാൽ പരാതി സ്വീകരിക്കാൻ കഴിയില്ലെന്നാണ് പോലീസുകാർ പറയുന്നത്. മിഷേൽ ഷാജിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ഇതുപോലുള്ള നിരവധി കാര്യങ്ങളുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. പരാതിയുമായി ചെന്ന ആ കുട്ടിയുടെ രക്ഷകർത്താക്കൾ മൂന്ന് പോലീസ് സ്റ്റേഷനുകളിൽ കയറിയിറങ്ങി. യുവതിയെ ബലാത്സംഗത്തിനിരയാക്കി തലയ്ക്കടിച്ചുകൊന്നു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അക്രമങ്ങൾ പെരുകുന്നു. നിലവിളിക്കുന്ന പെൺകേരളം......... (ബഹളം)........

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം സംസാരിക്കട്ടെ .....പ്ലീസ്..........

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ ഇതുസംബന്ധിച്ച കൃത്യമായ കണക്കുകൾ പറയുമ്പോൾ അവർക്ക് ബുദ്ധിമുട്ടുണ്ടാകും. കവിയൂർ, കിളിരൂർ, പൂവരണി തുടങ്ങിയവ കേരളത്തിലെ സ്ഥലനാമങ്ങളാണ്. ഈ സ്ഥലനാമങ്ങളുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. ഇരകളൊക്കെ കൊല്ലപ്പെടുന്ന അവസ്ഥയിലേയ്ക്ക് നമ്മുടെ

സംസ്ഥാനത്തെ സ്ത്രീപീഡന കേസ്സുകൾ മുന്നോട്ടുപോകുമ്പോൾ അതിനെതിരെ കൃത്യമായ നിലപാടെടുക്കാൻ എന്തുകൊണ്ടാണ് ഗവൺമെന്റിന് കഴിയാത്തത്. .........(ബഹളം)........

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം സംസാരിക്കട്ടെ .....പ്ലീസ്..........

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: എന്റെ വിഷമം മറ്റൊന്നുംകൊണ്ടല്ല. സ്ത്രീ സുരക്ഷയുടെ പേരുപറഞ്ഞുകൊണ്ട് അധികാരത്തിൽ വന്ന ഗവൺമെന്റാണിത്. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് ഒരു പെൺകുട്ടിയുടെ ചിത്രം വച്ചുകൊണ്ടാണ് ഇടതുമുന്നണിയുടെ സ്ഥാനാർത്ഥികൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. അതിനുശേഷം ഇത്രയും വർഷമായിട്ടും സ്ത്രീ സുരക്ഷയ്ക്കുവേണ്ടി ഒന്നും ചെയ്യാത്തത്, Justice delayed is justice denied എന്നാണ്. ഇവിടെ നീതി കൊടുക്കാൻ ഒരു കാരണവശാലും തയ്യാറാകുന്നില്ല. സമൂഹത്തിന്റെ നിലവാരം വിലയിരുത്തുമ്പോൾ നമ്മുടെ സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഇത്രയേറെ മോശമായ അവസ്ഥയിലേയ്ക്ക് പോയ കാലഘട്ടമുണ്ടായിട്ടില്ല. വാളയാർ കേസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിരവധി തവണ ഇവിടെ ചർച്ച ചെയ്തതാണ്. അതുമായി ബന്ധപ്പെട്ട് ഇപ്പോഴും പുറത്ത് സമരം നടക്കുകയാണ്. വാളയാർ കേസിന് നീതി കിട്ടുന്നതുവരെ സമരമെന്ന് പറഞ്ഞ് വാളയാർ മുതൽ തിരുവനന്തപുരം വരെ

ശക്തമായ പ്രതിഷേധ മാർച്ച് നടക്കുന്നു. എന്താണ് ഗവൺമെന്റിന് ഇതുസംബന്ധിച്ച് പറയാനുള്ളത്? ഈ നീതികേടിനെ നിശബ്ദതകൊണ്ട് നേരിടുക എന്നുപറയുന്നത് എത്ര നാണംകെട്ട പണിയാണ്. ഇതുചോദിക്കാതിരിക്കാൻ സാധിക്കുമോ? ഇവിടെ മന്ത്രിമാരടക്കമുള്ളവരുണ്ട്. ഇത് ആനുകാലികമായി കേരളത്തിൽ നടക്കുന്ന കുട്ടികൾക്കും സ്ത്രീകൾക്കുമെതിരയുള്ള ഗ്രാഫാണ് (ഗ്രാഫ് അടങ്ങുന്ന കടലാസ് ഉയർത്തിക്കാട്ടി.). അതിൽ Crime against children 2008 മുതൽ 2019 വരെ - 4560, ബലാത്സംഗത്തിന്റെ കണക്ക് പറയുന്നതിൽ 2019-ൽ 2076 ആണ്. ഇതൊക്കെ കണ്ടിട്ട് എങ്ങനെ കയ്യുംകെട്ടി നോക്കിയിരിക്കാൻ സാധിക്കും; എന്തിനാണ് കേരളത്തിൽ വനിതാ കമ്മീഷൻ; വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ എങ്ങനെയാണ് നടക്കുന്നത്; സ്ത്രീകൾ പരാതിയുമായി കടന്നുചെല്ലുമ്പോൾ ആ പരാതിയെ നോക്കി അന്യായം പറഞ്ഞുകൊണ്ട് ആ പരാതി തിരിച്ചുകൊടുത്തയച്ച്, പാർട്ടിക്കാരുടെ കേസ്സാണെങ്കിൽ മാറ്റിവയ്ക്കുന്ന വനിതാകമ്മീഷൻ കേരളത്തിൽ എന്തിനാണ്? ഭരണഘടനാപരമായി ചുമതലയേറ്റിട്ടുള്ള വനിതാ കമ്മീഷന്റെ അദ്ധ്യക്ഷ പാർട്ടി പരിപാടികളിൽ പങ്കെടുക്കുന്നത് നിരവധി തവണ നമ്മൾ കണ്ടിട്ടുണ്ട്. ഇവിടെ യാതൊരു

തരത്തിലും സ്ത്രീകൾക്ക് സുരക്ഷയില്ല. പരാതി കൊണ്ടുചെന്നാൽ അവ മുഖവിലയ്ക്കെടുക്കാൻ വനിതാകമ്മീഷൻപോലും തയ്യാറാകാത്ത ഗുരുതരമായ അവസ്ഥയുള്ളതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ സംസ്ഥാനത്ത് സ്ത്രീ സുരക്ഷയ്ക്കുവേണ്ടി കേരളം ഒന്നും ചെയ്യുന്നില്ലെന്നാണ് ബഹുമാന്യയായ അംഗം ഇവിടെ പ്രസ്താവിച്ചത്. അവർ കാര്യങ്ങൾ മനസ്സിലാക്കിയിട്ടും മനസ്സിലായില്ലെന്ന് നടിക്കുകയാണെന്നാണ് തോന്നുന്നത്. സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകളുടെ പ്രാതിനിധ്യം പോലീസ് ഉൾപ്പെടെയുള്ള വകുപ്പുകളിൽ കൊണ്ടുവരുന്നതിനും ക്രിയാത്മകമായ ഇടപെടലുകളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ വളരെ പ്രാധാന്യവും ഗൗരവവുമുള്ള വിഷയമായാണ് സർക്കാർ കാണുന്നത്. വിവിധ പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ആരംഭിച്ചിട്ടുണ്ട്.

അതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവുതന്നെയാണ് നമ്മുടെ ബഡ്ജറ്റ് ജെൻഡർ ബഡ്ജറ്റായത്. വനിതാ വകുപ്പും സർക്കാരിന്റെ തീരുമാനത്തിന്റെ ഭാഗമായി നിലവിൽ വന്നതാണ്. പോലീസ് സേനയിലും ഇത്തരത്തിലുള്ള ഇടപെടലുകളുണ്ടായിട്ടുണ്ട്. 15 ശതമാനം വനിതാ പ്രാതിനിധ്യം പോലീസ് സേനയിൽ ഉയർത്തുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായി ഒരു പ്രത്യേക വനിതാ ബറ്റാലിയൻ രൂപീകരിച്ചുകഴിഞ്ഞു. ഇതിനുപുറമെ സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് വനിതകളെ ആദ്യമായി നേരിട്ട് നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചില സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.-മാരായി വനിതകളെത്തന്നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട വനിതകൾ ഉൾപ്പെടെയുള്ളവരെ പ്രത്യേക നിയമനംവഴി പോലീസ് സേനയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. അഗ്നിരക്ഷാ സേനയിലും എക്സൈസിലും വനിതകളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുകഴിഞ്ഞു. അതോടൊപ്പം കേരള പോലീസ് ഈ വർഷം വനിതകളുടെ സുരക്ഷയ്ക്കായി നിരവധി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനിതകൾക്കും കുട്ടികൾക്കുംവേണ്ടിയുള്ള പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിന് സംസ്ഥാനതല സമിതിക്ക് രൂപം നൽകിയിട്ടുമുണ്ട്. രണ്ട് വനിതാ പോലീസുകാർ ഉൾപ്പെട്ട സംഘം ബസ് സ്റ്റോപ്പുകൾ, ബസ് സ്റ്റാന്റുകൾ, സ്കൂൾ കോളേജ് പരിസരങ്ങൾ, ചന്തകൾ, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ രാവിലെയും ഉച്ചകഴിഞ്ഞും സ്കൂൾ സമയങ്ങളിലും വൈകുന്നേരവും രാത്രി 11 മണിക്കും വെളുപ്പിന് 5 മണിക്കും ഇടയ്ക്കുള്ള സമയത്തും പട്രോളിംഗ് നടത്തും. വനിതാ പോലീസ് ഉദ്യോഗസ്ഥർ പഞ്ചായത്തുകൾ സന്ദർശിച്ച് പരാതികൾ സ്വീകരിക്കുന്ന നിലവിലുള്ള സംവിധാനം വിപുലീകരിക്കും. അവർ ഇനിമുതൽ താലൂക്ക് ലീഗൽ സർവ്വീസസ് അതോറിറ്റിയുമായി ചേർന്ന് നിയമ അവബോധന ക്ലാസ്സുകൾ സംഘടിപ്പിക്കും. സന്ദർശനത്തിനിടെ അവർ കാണുന്ന പരാതിക്കാരുടെയും സ്ത്രീകളുടെയും വിവരങ്ങൾ ഉൾപ്പെടെ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി ക്രൈം

ഡ്രൈവ് ആപ്പിൽ ഉൾപ്പെടുത്തും. മുതിർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഈ വിവരങ്ങൾ നേരിട്ട് നിരീക്ഷിക്കാൻ കഴിയും. എല്ലാ ജില്ലകളിലും നിലവിലുള്ള വനിതാ പോലീസ് സ്റ്റേഷനുകൾ കേസന്വേഷണത്തിന് സഹായിക്കും. വനിതാ സെല്ലുകളിൽ നിന്നുള്ള വനിതാ ഇൻസ്പെക്ടറെ ഉൾപ്പെടുത്തി റെയ്ഞ്ച് തലത്തിൽ സ്ത്രീകളുൾപ്പെടുന്ന അന്വേഷണ സംഘത്തിന് രൂപം നൽകും. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഗുരുതരമായ കേസുകൾ ഇനിമുതൽ ഈ സംഘമാണ് അന്വേഷിക്കുന്നത്. റെയ്ഞ്ച് ഡി.ഐ.ജി. ആയിരിക്കും ടീമിന്റെ മേൽനോട്ടം വഹിക്കുന്നത്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും നിലവിലുള്ള വനിതാ സ്വയം പ്രതിരോധ പരിശീലന സംവിധാനത്തിലെ പരിശീലകർക്ക് പരമാവധി സ്കൂളുകളിലും കോളേജുകളിലും പഞ്ചായത്തുകളിലും പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകും. ഈ വർഷം അവസാനത്തോടെ വലിയ ജില്ലകളിൽ അഞ്ച് ലക്ഷം സ്ത്രീകൾക്കും ചെറിയ ജില്ലകളിൽ രണ്ട് ലക്ഷം സ്ത്രീകൾക്കും പരിശീലനം നൽകും. വനിതകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കും.

പോക്സോ കേസുകൾ, ബാലനീതി നിയമം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നിവയെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കാൻ പദ്ധതികൾ തയ്യാറാക്കും.

തനിച്ച് താമസിക്കുന്ന സ്ത്രീകളെയും ശാരീരികവും മാനസികവുമായി വൈകല്യമുള്ള സ്ത്രീകളെയും വനിതാ പോലീസ് അംഗം സന്ദർശിച്ച് ക്ഷേമാന്വേഷണം നടത്തും. മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പെൺകുട്ടികളുടെ ഇടയിൽ ബോധവത്കരണം നടത്തും. പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾ സ്കൂൾ പഠനം ഇടയ്ക്കുവച്ച് നിർത്തുന്നത് അവസാനിപ്പിക്കാൻ കുടുംബശ്രീ, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവയുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കും. കുടുംബശ്രീ, തദ്ദേശസ്വയംഭരണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവയുമായി ചേർന്ന് സ്ത്രീധനത്തിനെതിരായി ക്യാമ്പയിൻ തയ്യാറാക്കും. അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതാ യാത്രക്കാർക്കും മുതിർന്ന പൗരന്മാർക്കും സുരക്ഷാ ഹസ്തവുമായി കേരളാ പോലീസിന്റെ 'നിഴൽ' പദ്ധതി നിലവിൽ വന്നിട്ടുണ്ട്.

ഏത് അടിയന്തര സാഹചര്യത്തിലും ആവശ്യമായ സഹായമെത്തിക്കാൻ തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് പോലീസ് കമാന്റ് സെല്ലിൽ പ്രത്യേക സംവിധാനം നിലവിൽ വന്നു. ഈ സംവിധാനത്തിലേയ്ക്ക് കേരളത്തിലെ എല്ലാ ജില്ലയിൽനിന്നും ഏത് സമയവും ഫോൺ മുഖേന ബന്ധപ്പെടാവുന്നതാണ്. അസമയത്ത് വാഹനം കേടാവുകയും ടയർ പഞ്ചറാകുകയും ചെയ്യുന്നതുമൂലം വഴിയിൽ കുടുങ്ങിയ വനിതാ യാത്രക്കാർക്കും മുതിർന്ന പൗരന്മാർക്കും 112 എന്ന നമ്പരിൽ വിളിച്ച് സഹായമഭ്യർത്ഥിക്കാം. രാത്രി ഒറ്റയ്ക്കു സഞ്ചരിക്കുന്ന വനിതകൾക്ക് പോലീസ് സഹായമെത്തിക്കാനും ഈ സംവിധാനം വഴി സാധിക്കും. രാത്രിയിൽ കേരളത്തിൽ ഒറ്റയ്ക്ക് സഞ്ചരിക്കുന്ന സ്ത്രീകൾക്ക്, നിർഭയമായി സഞ്ചരിക്കാൻ സാഹചര്യം ഒരുക്കുന്നതിന് 'സുരക്ഷിത' എന്ന പേരിൽ കേരളാ പോലീസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ 24-12-2019 മുതൽ 31-01-2020 വരെ കൊല്ലം നഗരത്തിൽ നടപ്പിലാക്കി. മഫ്ത്തിയിലുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരുടെയും നിർഭയ വോളന്റിയർമാരുടെയും

നാലുപേർ വീതം അടങ്ങുന്ന സംഘം രാത്രി 8 മണി മുതൽ പുലർച്ചെ വരെ പട്രോളിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. വനിതാ ശിശുവികസന വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി അവബോധം സൃഷ്ടിക്കുന്നതിനായിട്ടുള്ള ഒട്ടേറെ പദ്ധതികൾ ഇതിനകംതന്നെ ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി അവബോധം സൃഷ്ടിക്കുന്നതിന് ഐ.ഇ.സി. പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ, അങ്കണവാടികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആവശ്യമായ പ്രചരണം എത്തിക്കുന്നതിന് പോസ്റ്ററുകൾ ഒട്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള മാസ് ക്യാമ്പയിനിംഗ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൺ സ്റ്റോപ് സെന്ററുകളിലെ ജീവനക്കാർ മുഖേന വിവിധ തലങ്ങളിൽ അവബോധ നടപടികൾ നടത്തിവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വിമെൻ

ആന്റ് ചിൽഡ്രൻ ഹോം താമസക്കാർക്കായി സൈക്കളോജിക്കൽ ഇന്റർവെൻഷൻ, ജീവിത നൈപുണ്യ വിദ്യാഭ്യാസം, വിവിധ തൊഴിൽ പരിശീലന പരിപാടികൾ എന്നിവ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി 'കരുതൽ സ്പർശം-കൈകോർക്കാം കുട്ടികൾക്കായി' എന്ന പദ്ധതി 2019-ൽ ശിശുസംരക്ഷണ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 'ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർതൃത്വം' എന്ന വിഷയം ആസ്പദമാക്കി എല്ലാ പഞ്ചായത്തുകളിലും അഞ്ച് വീതം പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ കൂടുതലും കുടുംബത്തിനുള്ളിൽനിന്നും ബന്ധുക്കളിൽ നിന്നുമാണെന്ന് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് 'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി' എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുള്ളത്. സ്ത്രീ ശാക്തീകരണ പരിപാടിയായ 'സധൈര്യം മുന്നോട്ട്' എന്ന പദ്ധതിയുടെ ഭാഗമായി വിവിധ ബോധവത്കരണ

പരിപാടികൾ നടത്തിവരുന്നു. പെൺകുട്ടികൾക്ക് സ്വയംരക്ഷാ പരിശീലനം, സ്കൂൾതലം മുതൽ ഡിഗ്രിതലം വരെയുള്ള വിദ്യാർത്ഥികൾക്കായി ലിംഗസമത്വം നടപ്പിൽ വരുത്തുന്നതിന് അവയർനെസ് പ്രോഗ്രാമുകൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, ജെൻഡർ ബെയ്സ് അതിക്രമങ്ങൾ തുടങ്ങിയവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി 'ആശ്വാസനിധി' പദ്ധതി നടപ്പാക്കിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോർട്ട് സ്റ്റേ സഹായം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനമാണ് 'സഖി വൺസ്റ്റോപ് സെന്റർ'. കേരളത്തിൽ 14 ജില്ലകളിലും വൺസ്റ്റോപ് സെന്ററുകൾ

പ്രവർത്തനക്ഷമമാണ്. കേരള സർക്കാർ അംഗീകരിച്ച് നടപ്പിലാക്കി വരുന്ന 'നിർഭയ' ഒട്ടേറെ പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്. വനിതാ-ശിശുവികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയ സെന്ററിന്റെ നേതൃത്വത്തിൽ ലൈംഗികാതിക്രമങ്ങളെ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് നിലവിൽ 13 ഹോമുകൾ, തിരുവനന്തപുരം-3, കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ ദൈനംദിനവും പ്രവർത്തിച്ചുവരികയാണ്. 12 വയസ്സിനുതാഴെയുള്ള ലൈംഗികാതിക്രമങ്ങൾ അതിജീവിച്ചവർക്ക് തിരുവനന്തപുരം ജില്ലയിൽ 16-11-2018-ൽ എസ്.ഒ.എസ്. മോഡൽ ഷെൽട്ടർ ഹോം പ്രവർത്തനമാരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ എസ്.ഒ.എസ്. ഹോമിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ലൈംഗികാതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത ഹോം ഉറപ്പാക്കുന്നു. കേരളത്തിലെ 14

ജില്ലകളിലും പ്രവർത്തിച്ചുവരുന്ന വൺസ്റ്റോപ് സെന്ററുകളുടെ നോഡൽ ഏജൻസിയായി നിർഭയ സെൽ പ്രവർത്തിച്ചുവരുന്നു. വനിതകളുടെയും കുട്ടികളുടെയും ഹോമുകളുടെയും എസ്.ഒ.എസ്. മോഡൽ ഹോമിന്റെയും ദൈനംദിന പ്രവർത്തനങ്ങൾക്കും പുനരധിവാസത്തിന് ആവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവയും നടപ്പിലാക്കി വരുന്നു. ഇതോടൊപ്പംതന്നെ നമ്മുടെ വിദ്യാലയങ്ങളിൽ പ്രത്യേകമായ ചില സംവിധാനങ്ങൾ ഇതിന്റെ ഭാഗമായി ഏർപ്പെടുത്തുന്നുണ്ട്. അതിൽ ഒന്ന് കൗൺസിലിംഗിനുള്ള സംവിധാനമാണ്. അതോടൊപ്പംതന്നെ സ്കൂളുകളിലെ അദ്ധ്യാപിക-അദ്ധ്യാപകർ സ്വയമേവ മെന്റർമാരായി മാറുകയാണ്. നിശ്ചിത എണ്ണം കുട്ടികളുടെ മെന്ററായി ഒരു അദ്ധ്യാപകനും അദ്ധ്യാപികയുമുണ്ടാകും. ഏതെങ്കിലും തരത്തിലുള്ള വിഷമം കുട്ടിക്കുണ്ടെന്ന് ഈ മെന്ററായ ടീച്ചർക്ക് ബോധ്യപ്പെട്ടാൽ, അങ്ങനെ തോന്നുന്ന അവസരത്തിൽതന്നെ അതുമായി ബന്ധപ്പെട്ടുള്ള തുടർനടപടികളിലേയ്ക്ക് കടക്കും. അതിൽ കുടുംബത്തിലുള്ളവരടക്കം ബന്ധപ്പെടേണ്ടതായിട്ടുണ്ടെങ്കിൽ ബന്ധപ്പെടുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ വിപുലമായ കരുതൽ നടപടികളാണ്

ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നത്. വനിതാ കമ്മീഷനെതിരെ പറഞ്ഞതിലെന്തോ കുശുമ്പുകൊണ്ട് പറഞ്ഞതാണെന്നാണ് തോന്നുന്നത്. വനിതാ കമ്മീഷൻ നല്ല നിലയ്ക്ക് പ്രവർത്തിച്ചുവരികയാണ്, അതിൽ ഒരു തരത്തിലുള്ള പ്രത്യേക അപാകതയുമില്ല. നല്ല പ്രവർത്തനം തന്നെയാണ് കാഴ്ച വയ്ക്കുന്നത്. അതുകൊണ്ട് നല്ല നിലയ്ക്ക് ഇക്കാര്യങ്ങളിൽ സമൂഹം ജാഗ്രത പാലിക്കേണ്ടതായിട്ടുണ്ട്. കാരണം വലിയ തോതിൽ കേസ്സുകൾ വരുന്നത് സ്വന്തമെന്ന് പറയാവുന്നരിൽ നിന്നുമാണ്. അടുപ്പക്കാരിൽ നിന്നും സ്വന്തക്കാരിൽ നിന്നുമാണ് പല കുട്ടികളും പീഡനത്തിനിരയാകുന്നത്. സമൂഹമാകെ വലിയ തോതിൽ ജാഗ്രത പാലിക്കേണ്ട കാര്യമാണിത്. അവിടെയാണ് ബോധവൽക്കരണത്തിന്റെ പ്രാധാന്യം വരുന്നത്. നമുക്ക് നല്ലൊരു സ്ഥിതിവിശേഷം വന്നിട്ടുണ്ട്. ഇതിനെക്കുറിച്ച് ഒരവബോധം പൊതുവിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി നല്ലതുപേലെ പരാതിപ്പെടുന്ന അവസ്ഥ വന്നുകൊണ്ടിരിക്കുന്നു; അതിന്റെ തുടർ നടപടികളിലേയ്ക്കും കടക്കുന്നുണ്ട്. അത് കൂടുതൽ ശക്തമായി നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. സാധാരണ നിലയ്ക്ക് ഒരു സംഭവവും ഇല്ലാതിരിക്കത്തക്ക ഒരു അന്തരീക്ഷത്തിലേയ്ക്ക് നമുക്ക് എത്താൻ കഴിയണം. അതിന് സമൂഹത്തിന്റെയാകെ ജാഗ്രതയും ഇടപെടലും കരുതലുമുണ്ടാകണം.

ഇതെല്ലാം പഴയ കാര്യങ്ങളെപ്പറ്റിയാണ് പറഞ്ഞത്. ഇവിടെ ഈ വിഷയം ചർച്ച ചെയ്യേണ്ട ഒരു പ്രശ്നവും ഇപ്പോൾ ഉദിക്കുന്നില്ല. നേരത്തെയുള്ള പ്രശ്നങ്ങളാണിതെന്ന് അവർതന്നെ പറഞ്ഞു. പുതിയ പ്രശ്നങ്ങളല്ല, അതുകൊണ്ട് ഈ പ്രശ്നം ചർച്ച ചെയ്യുന്നതിനായി സഭ നിർത്തി വയ്ക്കേണ്ട ഒരു കാര്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ "I measure the progress of a community by the degree of progress which women have achieved", എന്ന് മഹാനായ ഡോ. ബി. ആർ. അംബേദ്കർ പറഞ്ഞ വാചകങ്ങളാണ്. ഒരു പരിഷ്കൃത സമൂഹം എങ്ങനെയായിരിക്കണമെന്ന് മഹാനായ ഡോ. ബി. ആർ. അംബേദ്കർ തന്റെ വാചകത്തിലൂടെ എടുത്തുപറയുന്ന ഒരു കാര്യമാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് സ്ത്രീ പീഡനങ്ങളും കുട്ടികൾക്കെതിരായ അതിക്രമങ്ങളും വളർന്നുവരുന്നതിന്റെ യഥാർത്ഥമായ ചിത്രമാണ് ബഹുമാനപ്പെട്ട അംഗം ശ്രീമതി ഷാനിമോൾ ഉസ്മാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇതെല്ലാം പഴയ

കാര്യങ്ങളാണ്, ഇതിലൊന്നും ഒരു പുതുമയുമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹം സാധാരാണ ഗതിയിൽ പോലീസ് ഡിപ്പാർട്ടുമെന്റും വനിതാ വികസന വകുപ്പുമെല്ലാം നടപ്പിലാക്കുന്ന കുറെ പദ്ധതികളെപ്പറ്റി വിശദമാക്കിയതല്ലാതെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾക്കൊന്നും മറുപടി പറഞ്ഞില്ല. നമ്മുടെ സംസ്ഥാനത്ത് സ്ത്രീ പീഡനങ്ങൾ വർദ്ധിച്ചുവരുന്നു. പോസ്റ്റർ ഒട്ടിച്ച കാര്യവും ഫോൺ വിളിച്ചാൽ എടുക്കുന്ന കാര്യങ്ങളുമാണ് അദ്ദേഹം പറഞ്ഞത്. ഈ സംസ്ഥാനത്ത് തന്നെയാണോ കേരളത്തിന്റെ മുഖ്യമന്ത്രി ജീവിക്കുന്നതെന്നുള്ള അത്ഭുതമാണ് എനിക്കുള്ളത്. അങ്ങനെയാണെങ്കിൽ ഇത്തരം കാര്യങ്ങളൊന്നും പറയുമായിരുന്നില്ല. നിലവിളിക്കുന്ന കേരളം, കേരളത്തിൽ മൂന്ന് വർഷത്തിനിടയിൽ 380 ഗാർഹിക പീഡന കേസ്സുകൾ; ഒത്തുതീർപ്പിന് പോലീസ് മധ്യസ്ഥനാകും, തെളിവെടുക്കില്ല; പോക്സോ കേസ്സുകൾ പുകയാകുന്നു, കാണാതാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം കൂടുന്നു; കേരളത്തിൽനിന്നും കാണാതായ സ്ത്രീകളുടെ എണ്ണം 7839, കുട്ടികളുടെ എണ്ണം 1991; എട്ടുമാസം കൊണ്ട് 1537 ബലാത്സംഗ കേസ്സുകൾ, കണക്കാണ് കേരളവും. അനുദിനം കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ, ഈ വർഷം 1704 കേസ്സുകൾ. 'Calling the reality of child abuse', വനിതാ കമ്മീഷന് പുല്ലുവില നൽകി പോലീസ്; പോലീസിന് പരാതി നൽകിയാൽ അത്

ചവറ്റുകൊട്ടയിൽ; ഇവിടെ ഞാൻ ചൂണ്ടിക്കാണിച്ചതെല്ലാം അവിടെ നിൽക്കട്ടെ, ഭരണകക്ഷിയുടെ മുഖപ്പത്രമായ ജനയുഗത്തിൽ 'പോക്സോ കേസ്സുകളിൽ രണ്ടിരട്ടി വർദ്ധന, നീതി തേടി കുരുന്നുകൾ' 'ജാമ്യമില്ലാ വകുപ്പായിട്ടും പോക്സോ കേസ്സുകളിൽ ഞെട്ടിപ്പിക്കുന്ന വർദ്ധന' സംസ്ഥാനത്ത് കുട്ടികൾ കടുത്ത അരക്ഷിതാവസ്ഥയിലേയ്ക്ക് നീങ്ങുകയാണ്. നടുക്കുന്ന റിപ്പോർട്ടുകൾ പുറത്തുവരുന്നു. കഴിഞ്ഞ ആറര വർഷത്തിനിടയിൽ കുട്ടികൾക്കെതിരെ നടന്ന ലൈംഗികാതിക്രമങ്ങളിൽ ക്രമാതീതമായ വർദ്ധനവുണ്ടായിരിക്കുന്നു. ഈ കാലയളവിൽ സംസ്ഥാനത്തെ പോക്സോ കേസ്സുകളുടെ എണ്ണം 13232, നവംബർ 12 മുതൽ 2019 വരെയുള്ള കണക്കാണിത്. അതിൽ ഈ വർഷം സെപ്റ്റംബർ മാസം വരെ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം 2514, അതിന്റെ വിശദാംശങ്ങളെല്ലാം കൈവശമുണ്ട്. ഇതിൽ സൂചിപ്പിക്കുന്നത്... ഇവിടെ ഞാൻ വായിച്ചതെല്ലാം പത്ര വാർത്തകളാണ്. ഇതിൽ സൂചിപ്പിക്കുന്നത് സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വമില്ലാത്ത അവസ്ഥയുണ്ടായിരിക്കുന്നു എന്നാണ്. ഇവിടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മുഖ്യമന്ത്രി വിശദീകരിച്ചതൊന്നും സ്ത്രീ സുരക്ഷയ്ക്ക് ബാധകമല്ല. അല്ലെങ്കിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ പര്യാപ്തമല്ല എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണിത്. നിർഭാഗ്യവശാൽ കേരളത്തിലെ ഈ സർക്കാർ കഴിഞ്ഞ നാല് വർഷമായി നമ്മുടെ

നാടിനെ അപരിഷ്കൃതമായ കാലഘട്ടത്തിലേയ്ക്ക് നയിക്കുകയും സമൂഹത്തെ അത്യന്തം ദുർബലപ്പെടുത്തുകയുമാണ് ചെയ്യുന്നത്. കഴിഞ്ഞ എട്ടുമാസത്തിനുള്ളിൽ 1537 ബലാത്സംഗ കേസ്സുകൾ കേരളത്തിൽ റിപ്പോർട്ട് ചെയ്തു. 2019-ൽ മാത്രം 2076 ബലാത്സംഗ കേസ്സുകൾ റിപ്പോർട്ട് ചെയ്തു. ഇത്തരം കേസ്സുകളിൽ മൂന്ന് വർഷത്തിനുള്ളിൽ നാൽപ്പത് ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. 14500 കേസ്സുകളാണ് കഴിഞ്ഞ വർഷം സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങളിൽ വൻ വർദ്ധനവാണുണ്ടായിട്ടുള്ളത്. 4800-ഓളം കേസ്സുകളാണ് കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങളുടെ പേരിൽ കഴിഞ്ഞവർഷം മാത്രം രജിസ്റ്റർ ചെയ്തത്. അതിനേക്കാൾ ഏറ്റവും ഗൗരവമായ കാര്യം ഈ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ അഞ്ചുശതമാനത്തിൽ താഴെ മാത്രമേ വിചാരണ പൂർത്തിയായിട്ടുള്ളൂ എന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന ഏത് അക്രമത്തിലും എത്രയും പെട്ടെന്ന് വിചാരണ പൂർത്തിയാകുകയും ഇരകൾക്ക് നീതി ലഭിക്കുകയും വേണമെന്നത് ലോകമെങ്ങും അംഗീകരിച്ചിട്ടുള്ള തത്വമാണ്. 2017 മുതൽ കഴിഞ്ഞ മൂന്ന് വർഷമായി നാലായിരത്തോളം കേസ്സുകൾ ഫോറൻസിക് ലാബിൽ ഫലം കാത്ത് കിടക്കുകയാണ്. മറ്റ് കേസ്സുകൾ പോലെയല്ല സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ

കേസ്സുകൾ. ഇവിടെ വിചാരണ നടപടികൾ വൈകുംതോറും സാക്ഷികളും ഇരകളും സ്വാധീനിക്കപ്പെടാനും ഭയപ്പെടുത്തി നിശബ്ദരാക്കാനുമുള്ള സാധ്യത വളരെയേറെയാണ്. യൂറോപ്യൻ രാജ്യങ്ങളിൽ ഇത്തരം കേസ്സുകളിൽ ഒന്നൊന്നര മാസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കുന്ന കോടതികളെ നമുക്ക് കാണാൻ സാധിക്കും. ഫോറൻസിക് ലാബിൽ 400 പേർ വേണ്ടിടത്ത് 100 ജീവനക്കാരെ മാത്രമാണ് നിയമിച്ചിട്ടുള്ളത്, അത് മാധ്യമങ്ങളിലൂടെ വായിച്ച് മനസ്സിലാക്കിയ കാര്യമാണ്. ധാരാളം പോസ്റ്റുകളിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് പറയുന്ന ഗവൺമെന്റ് ഫോറൻസിക് വിഭാഗത്തിൽ മാത്രം എന്തുകൊണ്ടാണ് നിയമനം നടത്താത്തത്? കേരളത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിൽ പോലീസിനുണ്ടായ വീഴ്ച വളരെ വ്യക്തമാണ്. പോസ്റ്റർ ഒട്ടിച്ചതുകൊണ്ടോ ഫോൺ വിളിച്ചതുകൊണ്ടോ കാര്യമില്ല. ഒരിടത്തും ഫോണിന്റെയും പോസ്റ്ററിന്റേയും ഒരു ഇംപാക്ടും ഉണ്ടാകുന്നില്ല. ഇത്തരം കേസ്സുകളിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടാകുന്നതുകൊണ്ട് കോടതിയിൽ മാത്രമാണ് പോകുന്നത്. വാളയാർ കേസ്സിനെപ്പറ്റി ബഹുമാന്യയായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചു. വാളയാർ സമര സമിതി, ഹൈക്കോടതിയിൽനിന്നും വാളയാറിലേയ്ക്ക് സമരം നടത്തി തിരുവനന്തപുരത്തെത്തി. അവർ ആവശ്യപ്പെടുന്ന ആവശ്യം ന്യായമല്ലേ? ഈ കേസ്സ്

എന്തുകൊണ്ട് സി.ബി.ഐ. അന്വേഷണത്തിന് വിടുന്നില്ല? മാതാപിതാക്കൾ ആവശ്യപ്പെട്ടാൽ മാത്രമേ കേസ് സി. ബി. ഐ.-ക്ക് നൽകുവെന്ന നിർബന്ധിത ബുദ്ധി എന്തിനാണ്? ആഭ്യന്തര വകുപ്പിൽ മുഖ്യമന്ത്രിക്ക് വേണമെങ്കിൽ ഈ കേസ് സി.ബി.ഐ.-ക്ക് വിടാം. കേരളത്തെ ഞെട്ടിപ്പിച്ച ഇത്രയും ഗുരുതരമായ ഒരു കേസുണ്ടായപ്പോൾ, കേസ് സി.ബി.ഐ.-ക്ക് കൈമാറണമെന്ന് അവർ ആവശ്യപ്പെട്ടതാണ്. മുഖ്യമന്ത്രിക്ക് ഒരുപക്ഷെ എഴുതിക്കൊടുത്ത് കാണില്ല. ഈ കേസ്സ് സി.ബി.ഐ.-ക്ക് വിടുന്നില്ലെങ്കിൽ പിന്നെ ഏത് കേസ്സാണ് സി.ബി.ഐ.-ക്ക് വിടുന്നത്. വാളയാറിലെ രണ്ട് പിഞ്ചുകുട്ടികളെ ബലാത്സംഗം ചെയ്ത് കൊന്ന കേസ്സിൽ, പോലീസും രാഷ്ട്രീയ നേതൃത്വവും ചേർന്ന് നടപ്പാക്കിയ ആ ഭീകരമായ ലൈംഗിക പീഡനകേസ്സ്, ഇതുസംബന്ധിച്ച് സി.ബി.ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെടാനുണ്ടായ കാരണമെന്താണ്? ഇന്നലെ സൂപ്രണ്ട് ഓഫ് പോലീസ് തന്നെ പി. കെ. ഹനീഫ കമ്മീഷൻ മുമ്പാകെ തെളിവ് കൊടുത്തിരിക്കുന്നു. പോലീസ് അന്വേഷണം കുറ്റമറ്റതായിരുന്നില്ല, പോലീസിന്റെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ട്. ആദ്യം സബ് ഇൻസ്പെക്ടറെ സസ്പെന്റ് ചെയ്തു. ഡിവൈ.എസ്.പി. അടക്കമുള്ളവർ പ്രതികളെ സംരക്ഷിക്കാൻവേണ്ടി പ്രവർത്തിക്കുകയാണ് എന്നെല്ലാം വ്യക്തമായി പറഞ്ഞു. ആദ്യം മുതൽ വാളയാർ കേസ് അട്ടിമറിക്കാൻ ശ്രമിച്ചിട്ടും ആ കേസ് സി.ബി.ഐ.-

ക്ക് വിടാൻ മുഖ്യമന്ത്രിയും സർക്കാരും മടിക്കുന്നത് എന്തുകൊണ്ടാണ് ; ആരെ സംരക്ഷിക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്; കുറ്റവാളികളെ സംരക്ഷിക്കുന്ന ഈ സർക്കാർ നീതി നിർവ്വഹണത്തിന്റെ കാര്യത്തിൽ പരാജയപ്പെട്ടിരിക്കുകയാണ്.

പ്രണയം നിരസിച്ചതിന്റെ പേരിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഒരു പോലീസുകാരി ഉൾപ്പെടെ 8 സ്ത്രീകളാണ് സംസ്ഥാനത്ത് കൊല്ലപ്പെട്ടത്. സ്ത്രീകളും കുട്ടികളും കേരളത്തിൽ അൽപ്പംപോലും സുരക്ഷിതരല്ല എന്നാണ് ഓരോ ദിവസത്തെയും സംഭവങ്ങൾ വ്യക്തമാക്കുന്നത്. അദ്ധ്യാപകർതന്നെ പിഞ്ചുവിദ്യാർത്ഥികളെ പീഡിപ്പിക്കുന്ന കേസുകൾ നിരന്തരം വർദ്ധിക്കുന്നു. കഴിഞ്ഞ ദിവസം മലയാളികൾ ബഹുമാനിക്കുന്നൊരു മഹത് സ്ഥാപനത്തിന്റെ തലപ്പത്തിരിക്കുന്ന ഒരു അദ്ധ്യാപകൻ ഒരു പിഞ്ചുവിദ്യാർത്ഥിയെ പീഡിപ്പിച്ച വാർത്ത കേരളം ഞെട്ടലോടുകൂടിയാണ് ശ്രവിച്ചത്. സദാചാര ഗുണ്ടകളുടെ അക്രമം പെരുകുകയാണ്. എല്ലായിടത്തും സദാചാര ഗുണ്ടകൾ ആളുകളെ പീഡിപ്പിക്കുന്നു എന്ന പരാതികൾ ഉയർന്നുവരുന്നു. ശംഖുമുഖത്ത് സുഹൃത്തുക്കളോടൊപ്പം സമയം ചെലവഴിക്കാനെത്തിയ ഒരു പെൺകുട്ടി സദാചാര ഗുണ്ടകളുടെ അക്രമത്തിന് ഇരയായ സംഭവം അടുത്ത കാലത്തുണ്ടായി. പോലീസ് സ്റ്റേഷനിൽ പരാതിയുമായി ചെന്നപ്പോൾ അവരോട് ചോദിച്ചത്, 'നിങ്ങൾ രാത്രിയിൽ എന്തിനാണ് ശംഖുമുഖത്ത്

പോയത് എന്നാണ്. നിർഭയമായി രാത്രിയിൽ സ്ത്രീകൾക്ക് സഞ്ചരിക്കാമെന്ന് പറയുന്നൊരു സർക്കാരിന്റെ പോലീസ് ഇതാണോ ചെയ്യേണ്ടത്;

കേരളത്തിൽനിന്നും കാണാതാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം വർദ്ധിക്കുന്നു. ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം കഴിഞ്ഞവർഷം ഏതാണ്ട് 7,839 സ്ത്രീകളെയും 1,991 കുട്ടികളെയും കേരളത്തിൽനിന്ന് കാണാതായി. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 400 ഗാർഹിക പീഡനക്കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുകയുണ്ടായി. പോക്സോ കേസുകളിലാണ് ഏറ്റവുംകൂടുതൽ അട്ടിമറി നടക്കുന്നത്. 5 ശതമാനം കേസുകൾ മാത്രമാണ് ശിക്ഷിക്കപ്പെടുന്നത്. 1,225 കേസുകളിൽ കേവലം 230 മാത്രമാണ് ശിക്ഷിക്കപ്പെട്ടത്. പോലീസിന്റെ ഏറ്റവും വലിയ അനാസ്ഥയാണിത്. പോലീസ് ഇക്കാര്യത്തിൽ മധ്യസ്ഥന്റെ റോൾ വഹിക്കുന്നു. കുട്ടികൾക്കെതിരെ അതിക്രമമുണ്ടായാൽ പ്രതികളോടൊപ്പം നിൽക്കുന്നു. വ്യാപകമായ പരാതികൾ ഉയർന്നുവരുമ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് എല്ലാം നല്ല നിലയിലാണ് നടക്കുന്നതെന്നാണ്.

നിർഭയ ഫണ്ട്. 2017-18 വർഷത്തിൽ കേന്ദ്ര സർക്കാർ 11 കോടി രൂപ അനുവദിച്ചു. പ്രസ്തുത ഫണ്ട് ചെലവാക്കിയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്

ഇതുവരെ കേന്ദ്രത്തിന് നൽകിയിട്ടില്ല. അതിന്റെ അർത്ഥം ചെലവാക്കിയിട്ടില്ല എന്നുള്ളതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയുടെ കാര്യത്തിൽ കേരളം ഉദാസീന മനോഭാവമാണ് കാണിക്കുന്നതെന്ന് ഇതിൽനിന്നും വ്യക്തമല്ലേ; നമ്മുടെ സംസ്ഥാനത്തെ വിവിധ വകുപ്പുകൾ ആവിഷ്കരിക്കുന്ന പരിപാടികൾ എത്രമാത്രം ഫലപ്രദമായി നടക്കുന്നുണ്ടെന്ന് പരിശോധിക്കുന്നതും മുഖ്യമന്ത്രിയുടെ ഉത്തരവാദിത്വമല്ലേ; വാസ്തവത്തിൽ കേരളത്തിലിന്ന് സ്ത്രീകളും കുട്ടികളും അരക്ഷിതരാണ്. അവർക്ക് സുരക്ഷിതമായി ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ്. സ്ത്രീ സുരക്ഷയുടെ പേരിൽ അധികാരത്തിൽ വന്നൊരു സർക്കാർ സ്ത്രീകൾക്കുനേരെ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിൽ പരാജയപ്പെട്ടുകയാണ്. കുട്ടികൾക്കെതിരായി ഉണ്ടാകുന്ന അതിക്രമങ്ങൾ നേരിടുന്ന കാര്യത്തിൽ പരാജയപ്പെട്ടുകയാണ്. ഇത്രയും ഗൗരവമായൊരു വിഷയം ചർച്ച ചെയ്യാൻ ഈ സർക്കാർ തയ്യാറാകാത്തത് ഗുരുതരമായ പ്രശ്നമാണ്. ഇക്കാര്യത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, വിട്ടുവീഴ്ചയില്ലാത്ത സ്ത്രീ സുരക്ഷ എന്ന മുദ്രാവാക്യം ഉയർത്തിയാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. ഇപ്പോൾ സ്ത്രീകളുടെ സുരക്ഷ എവിടെ എത്തിനിൽക്കുന്നു എന്നതിനെ കുറിച്ചാണ് ശ്രീമതി ഷാനിമോൾ ഉസ്മാൻ കണക്കുകൾ സഹിതം ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറേ കാര്യങ്ങൾ ഇവിടെ പറഞ്ഞു. സ്ത്രീ സുരക്ഷ ഉറപ്പുവരുത്താൻ പോസ്റ്റർ ഒട്ടിക്കും, ടെലഫോൺ നമ്പരിൽ വിളിച്ചാൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും എന്നെല്ലാം പറഞ്ഞു. അതിനേക്കാൾ ആദ്യം ചെയ്യേണ്ട കാര്യം എന്താണെന്ന് അറിയാമോ; ഇവിടെ CWC ചെയർപേഴ്സൺമാരായി കുറേയാളുകളെ നിയമിച്ചിട്ടുണ്ട്. അവരെയൊക്കെ പിരിച്ചുവിട്ടാൽത്തന്നെ ഈ രാജ്യത്ത് കുറേയൊക്കെ സമാധാനമുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിൽ യാതൊരു പങ്കുമില്ലെന്ന് എനിക്കറിയാം. കാരണം, എവിടെനിന്ന് വന്ന ലിസ്റ്റാണ്; ആരാണ് നിയമിച്ചത് എന്നൊന്നും മന്ത്രിക്ക് അറിയാൻ സാധ്യതയില്ല. പക്ഷേ CWC എന്ന സ്ഥാപനം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന അപകടങ്ങൾ... വാളയാർ കേസ് സംബന്ധിച്ച് ഇവിടെ പറഞ്ഞു. ആ രണ്ട് പെൺകുട്ടികളുടെ വിഷയത്തിൽ CWC ചെയർമാൻ ഒരേ സമയംതന്നെ പ്രതിക്കുവേണ്ടി വക്കീലാകുക. ഇപ്പുറത്തുവന്ന് ഇരയ്ക്കുവേണ്ടി വാദിക്കുക.

വേറൊരു വലിയ അപകടം ഇപ്പോൾ വായിച്ചു. അതിനെ കുറിച്ചുകൂടി അന്വേഷിക്കണം. വാളയാർ കേസിന് തൊട്ടുമുമ്പ് വാളയാർ കേസിലെ പെൺകുട്ടിയുടെ ഏറ്റവുമടുത്ത ഒരു കൂട്ടുകാരിയെയും അനിയത്തിയെയും മറ്റൊരു ലൈംഗിക പീഡനക്കേസുമായി ബന്ധപ്പെട്ട് നിർഭയ ഹോമിൽ താമസിപ്പിച്ചു. ഇപ്പോൾ ആ കുട്ടിയെ കാണുന്നില്ല. വാളയാർ കേസിലെ ആദ്യത്തെ പെൺകുട്ടിയുടെ മരണം വന്നപ്പോൾ ഈ പെൺകുട്ടി അസ്വസ്ഥത കാണിക്കാൻ തുടങ്ങി. പിന്നെ കുറച്ചുകഴിഞ്ഞപ്പോൾ ആ കുട്ടിയെ അവിടെനിന്ന് വിളിച്ചുകൊണ്ടുപോയി എന്നാണ് പറയുന്നത്. ഈ കുട്ടി ഇപ്പോൾ എവിടെയാണ് ഉള്ളതെന്ന് അറിയില്ല. ആ കുട്ടിയെ സാക്ഷിപോലും ആക്കിയിട്ടില്ല. കൗൺസിലിംഗ് സമയത്ത് ഈ കുട്ടി വാളയാർ കേസിലെ ചില വിവരങ്ങൾ പറഞ്ഞിരുന്നു എന്നാണ് വാർത്ത. ആ പെൺകുട്ടി എവിടെ എന്നുപറഞ്ഞുകൊണ്ട് മലയാളം വാരികയിൽ ഇപ്രാവശ്യത്തെ സമകാലീന മലയാളത്തിൽ വന്നിട്ടുള്ള ഒരു ലേഖനത്തിൽ അത് കൃത്യമായി പറയുന്നു. ആദ്യം മരിച്ച കുട്ടിയുടെ കൂട്ടുകാരിയും അനിയത്തിയും മറ്റൊരു ലൈംഗിക പീഡനക്കേസിൽ ഇരയായി നിർഭയ ഹോമിൽ എത്തിയിരുന്നു. ഇതിലെ മൂത്ത പെൺകുട്ടി വാളയാർ കേസിനെ കുറിച്ച് ചില വിവരങ്ങൾ കൗൺസിലിംഗിൽ വെളിപ്പെടുത്തി. ആ കുട്ടിയെ കാണാനില്ല. ആ കുട്ടി എവിടെപ്പോയി? അന്വേഷിക്കണ്ടേ; ആ കേസിലും CWC-

യുടെ ചെയർപേഴ്സൺ ഇടപെട്ടു എന്നാണ് പറയുന്നത്. ഇപ്പോൾ CWC പാലക്കാട് ചെയർപേഴ്സണെ മാറ്റിനിർത്തിയല്ലോ. അത് വാളയാർ കേസിലല്ല. ഈ പെൺകുട്ടിയെ അവിടെനിന്നും ഇറക്കിക്കൊണ്ട് പോകാൻ പ്രേരിപ്പിച്ചതിന് മഹിളാ സമഖ്യ കൊടുത്ത കേസിൽ അന്വേഷണം നടത്തിയാണ് അയാളെ മാറ്റിനിർത്താൻ തീരുമാനിച്ചത്. ഒരു habitual offender ആയിട്ടുള്ള ഒരാളുടെ പേരിൽ ഇപ്പോഴും നടപടികൾ ഉണ്ടാകുന്നില്ല. മറ്റൊരു CWC അംഗം രണ്ട് റ്റി.എ. ഒപ്പിട്ട് വാങ്ങുകയാണ്. രണ്ട് ശമ്പളം പറ്റിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം പത്തനംതിട്ട ജില്ലയിൽ കോ-ഓപ്പറേറ്റീവ് ബാങ്കിലെ ഉദ്യോഗസ്ഥനാണ്, അതേസമയം CWC അംഗവുമാണ്. ഒരേ സമയം രണ്ട് സ്ഥലത്തുള്ള സിറ്റിംഗിനും പൈസ വാങ്ങിക്കൊണ്ടിരിക്കുകയാണ്. സുരേഷ് എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹം സിറ്റിംഗ് ഫീസ് ക്ലെയിം ചെയ്ത് നൽകിയ ഫോമും അതിന്റെ സമയവുമൊക്കെ രേഖാമൂലം ഞാനിവിടെ മേശപ്പുറത്ത് വയ്ക്കുകയാണ് (പ്രസ്തുത രേഖകൾ മേശപ്പുറത്ത് വച്ചു). CWC തന്നെ ഈ കുട്ടികളെ കാർന്നുതിന്നുന്ന ഒരവസ്ഥയിൽ എങ്ങനെയാണ് കുട്ടികൾക്ക് സുരക്ഷയുണ്ടാകുക; ബോധവൽക്കരണം ആദ്യം വേണ്ടത് CWC-യിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് എന്നുള്ളതാണ് എന്റെ അഭിപ്രായം. അതുകൊണ്ട്, ഇവിടെ പറഞ്ഞ കാര്യങ്ങളിലൊന്നും ഒരു തരത്തിലും ഈ സ്ത്രീകൾ സുരക്ഷിതരായി

നിൽക്കാനുള്ള സാഹചര്യമില്ല. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, മൊത്തം കണക്കുകളല്ല. വാളയാർ കേസ് കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിച്ചിരിക്കുകയാണ്. ആദ്യത്തെ കുട്ടി മരിച്ചപ്പോൾ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ രണ്ടാമത്തെ കുട്ടി മരിക്കില്ലായിരുന്നു. ഇപ്പോൾ പറഞ്ഞ കാര്യം ഞാനും വായിച്ചു. കൊല്ലപ്പെട്ട കുട്ടിയുടെ കൂട്ടുകാരിയെ നിർഭയ ഹോമിൽ താമസിപ്പിച്ചിരുന്നു. ആ കുട്ടിയെ ഒരു ദിവസം അമ്മയേയും കൂട്ടിക്കൊണ്ട് ചെന്ന് ഇറക്കിക്കൊണ്ട് പോയി എന്നാണ് പറയുന്നത്. ഇപ്പോൾ ആ കുട്ടി എവിടെയുണ്ട്; കൗൺസിലിംഗിൽ സാക്ഷി പറഞ്ഞൊരാളാണ്. ഇങ്ങനെ കേരളത്തിൽ നടക്കാമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം എന്നാണ് എന്റെ അഭിപ്രായം. ആ CWC അംഗത്തെ മാറ്റിയിട്ടുണ്ടോ? ഒരേസമയം പ്രതിക്കുവേണ്ടിയും ഇരയ്ക്ക് വേണ്ടിയും വാദിക്കുന്ന ഒരു CWC അംഗം, ശ്രീ. രാജേഷ്. അറിയപ്പെടുന്ന ആളാണ്. എങ്ങനെ അവിടെ തുടരുന്നു. നീക്കിയിട്ടുണ്ടോ; Kept in abeyance ആണ്. ഇതുവരെ നീക്കിയിട്ടില്ല.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പ്രസ്തുത CWC അംഗത്തെ നീക്കിയിട്ടുണ്ട്.

ശ്രീ. പി. ജെ. ജോസഫ്: സർ, ശരി. എങ്കിലും ഇങ്ങനെയൊരാൾ ഇവിടെ എങ്ങനെ വന്നു എന്നതിനെക്കുറിച്ച് അന്വേഷിക്കണം. വാളയാർ കേസിൽ അടിയന്തര നടപടി സ്വീകരിച്ച് സർക്കാർ സ്ത്രീ സുരക്ഷയുടെ കാര്യം ഉറപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇന്ന് നടക്കുന്ന ബോധവൽക്കരണ പരിപാടികളെക്കുറിച്ചും, ഇതുമായി എടുത്തിരിക്കുന്ന കൗൺസിലിംഗ് നടപടികൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനെ സംബന്ധിച്ചുമാണ് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ നിഴലിച്ച് നിന്നത്. അത് വേണം, അത് ആവശ്യമില്ലെന്നൊന്നും ഞങ്ങൾ പറയുന്നില്ല. പക്ഷെ ഇവിടെ കഴിഞ്ഞ കാലങ്ങളിലുണ്ടായ അനവധി, ഇപ്പോൾ വാളയാർ കേസ്സടക്കമുള്ള കാര്യങ്ങളിൽ കൃത്യമായ ഇടപെടലുകളും നടപടികളും ഉണ്ടാകുന്നില്ലെന്നതാണ് ഞങ്ങൾ ഇവിടെ

ചൂണ്ടിക്കാണിച്ചത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, CWC ചെയർമാനെ ആ സമയത്തുതന്നെ മാറ്റി. ആ കേസുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ, നിങ്ങളുടെ കാലഘട്ടത്തിൽ നിയമിച്ചതാണ്. അവരേയും മാറ്റിയെന്ന് മാത്രമല്ല, ഇൻവെസ്റ്റിഗേഷനോ അല്ലെങ്കിൽ പ്രോസിക്യൂഷനോ, എന്തെങ്കിലും അപകടം സംഭവിച്ചിട്ടുണ്ടെങ്കിൽ ഏതെങ്കിലും രൂപത്തിലുള്ള സ്വാധീനത്തിന് വിധേയമായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിന് ഒരു ജുഡീഷ്യൽ കമ്മീഷൻ, ജസ്റ്റിസ് ഹനീഫ കമ്മീഷനെ ഗവൺമെന്റ് നിയമിച്ച് കഴിഞ്ഞു. ഇതിനപ്പുറം ഗവൺമെന്റിന് എന്താണ് ചെയ്യാൻ സാധിക്കുക? എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചതല്ലേ? ഇതുവരെ പ്രോസിക്യൂഷന് വന്ന അപാകത, ഇൻവെസ്റ്റിഗേഷന് വന്ന അപാകത പരിശോധിക്കാൻ ഒരു ജുഡീഷ്യൽ കമ്മീഷനെ ഇന്നുവരെ കേരളത്തിന്റെ ചരിത്രത്തിൽ നിയമിച്ചിട്ടുണ്ടോ? അതടക്കം ചെയ്തില്ലേ, അതിനേക്കാൾ അപ്പുറം ഗവൺമെന്റ് എന്താണ് പറയുക.

ശ്രീ. അനൂപ് ജേക്കബ്: സർ, നിങ്ങൾ പറയുന്ന,.. ബഹുമാനപ്പെട്ട നിയമമന്ത്രി

ഇവിടെ പറഞ്ഞത് സി.ഡബ്ല്യൂ.സി. ചെയർപേഴ്സന് എതിരെ നിങ്ങൾ നടപടിയെടുത്തു എന്നും ഇതൊന്നും ഫലപ്രദമായ നിലയിൽ വരുന്നില്ലായെന്നുള്ളതുമാണ്. കേസുകൾ ആവർത്തിക്കപ്പെടുന്നുവെന്നുള്ളതും ഇത്തരത്തിലുള്ള വിഷയങ്ങൾ ആവർത്തിക്കപ്പെടുന്നുവെന്നുള്ളതും യാഥാർത്ഥ്യമാണ്. ഈ വ്യക്തിയെ സംബന്ധിച്ച് അനവധി പരാതികൾ ഞങ്ങൾ ഉന്നയിച്ചതിനുശേഷമാണ് നിങ്ങൾ നടപടികളിലേക്ക് നീങ്ങിയത്, അതാണ് ഇവിടെ സൂചിപ്പിച്ചത്. ഇദ്ദേഹം ഒരേ സമയത്ത് ഇരയ്ക്കൊപ്പവും, പ്രതിക്കൊപ്പവും നിന്നുവെന്നുള്ളത് വാസ്തവമാണ്, അത് നിഷേധിക്കാൻ കഴിയുമോ? ഇത് ഞങ്ങൾ ചൂണ്ടിക്കാട്ടി;

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, CWC ചെയർമാൻമാരെയെല്ലാം തെരഞ്ഞെടുത്തത് കൃത്യമായ നിയമക്രമങ്ങളിലൂടെയാണ്. അതിന് ആപ്ലിക്കേഷൻ വിളിച്ചു, ആവശ്യമായിട്ടുള്ള ക്വാളിഫിക്കേഷൻ രേഖകൾ ഹാജരാക്കി, അങ്ങനെ തന്നെയാണ് നിയമിക്കുന്നത്. ഒരു ആരോപണമുണ്ടായത് ഇയാൾ നേരത്തെ ഈ പോക്സോ കേസിലെ പ്രതികൾക്കുവേണ്ടി ചില കേസുകളിൽ ഹാജരായിരുന്നുവെന്നുള്ളതാണ്. നിയമപരമായി നോക്കുമ്പോൾ ചെയർമാൻ ആയതിനുശേഷം ഹാജരാകാൻ പാടില്ല. എന്നാൽ ധാർമ്മികമായി

പരിശോധിക്കുമ്പോൾ CWC ചെയർമാനായ ഒരാൾ ഇത്തരം കേസുകളിൽ ഹാജരായത് ഉചിതമായില്ലെന്നുള്ളതാണ്. അത് കണക്കിലെടുത്തിട്ടാണ് അദ്ദേഹത്തെ മാറ്റി നിർത്തുകയും അന്വേഷണം നടത്തുകയുമൊക്കെ ചെയ്തിട്ടുള്ളത്. ഇപ്പോൾ പൂർണ്ണമായും അദ്ദേഹത്തെ ഈ CWC ചെയർമാൻ സ്ഥാനത്തുനിന്നും മാറ്റിയിട്ടുണ്ട്, അതാണ് ഉണ്ടായിട്ടുള്ളത്.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ തന്നെ വ്യക്തമാണ്. ഇയാളുടെ നടപടികൾ ശരിയായില്ലെന്ന് ഗവൺമെന്റ് തന്നെ സമ്മതിക്കുന്നു. അതുകൊണ്ടാണ് ഇങ്ങനെയുള്ളവർക്ക് ഒരു ബോധവൽക്കരണം ആവശ്യമാണെന്നുള്ളതിനെ സംബന്ധിച്ച് നേരത്തെ ഡോ. എം. കെ. മുനീർ സൂചിപ്പിച്ചത്. ഇദ്ദേഹം പ്രതിക്കുവേണ്ടി ഹാജരായെന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെയാണ്. അതാണ് ഇവിടെ ഗവൺമെന്റ് ചൂണ്ടിക്കാട്ടുന്നതും. ഇതിനകത്ത് നിയമിക്കപ്പെടുന്നവരുടെ പശ്ചാത്തലം നോക്കേണ്ടതായിട്ടുണ്ട്. ഇവരുടെ ട്രാക്ക് റെക്കോർഡ്സ് നോക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിലുള്ള ആൾക്കാർ നിഷ്പക്ഷമതികളായി നിൽക്കുവാനും... ഏറ്റവും സെൻസിറ്റീവായ ഡിപ്പാർട്ടുമെന്റാണിത്. ഏറ്റവും സെൻസിറ്റീവായ ഒരു മേഖലയുമാണ്. ഇതിനകത്ത് കുട്ടികൾക്കും സ്ത്രീകൾക്കും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നുവെന്നത് ഏറ്റവും കൂടുതൽ

ശ്രദ്ധിക്കേണ്ടത് ഗവൺമെന്റ് തന്നെയാണ്. ഭാവിയിലും ഇത്തരത്തിലുള്ള സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. നിയമമന്ത്രി പറഞ്ഞ കാര്യം ഞാൻ ആവർത്തിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ഇവിടെ നടപടികളെടുക്കുമ്പോഴും വിഷയങ്ങൾ ആവർത്തിക്കുന്നുവെന്നത് കണ്ടില്ലെന്ന് നടിക്കരുത്. ഇവിടെ 2015-ൽ നിന്ന് 2019-ൽ എത്തുമ്പോൾ കേരളത്തിലെ ബലാത്സംഗ കേസുകളുടെ വർദ്ധനവ് 65 ശതമാനമാണ്. 2015-ൽ നിന്ന് 2019-ൽ എത്തുമ്പോൾ കേരളത്തിൽ പോക്സോ കേസുകളിൽ 91 ശതമാനം വർദ്ധനവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിങ്ങൾ ഇവിടെ പറയുന്ന കാര്യങ്ങളൊന്നും നടപ്പിലാകുന്നില്ല. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു. നിങ്ങൾ തന്നെ നൽകിയ മറുപടിയാണ്, ഞങ്ങൾ പറഞ്ഞതല്ല. ഇത്തരത്തിലുള്ള കേസുകൾ ആവർത്തിക്കപ്പെടുന്നു. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത്, പോസ്റ്റർ ഒട്ടിച്ചതുകൊണ്ടോ, ബോധവൽക്കരണം നടത്തിയതുകൊണ്ടോ, ഫോൺ വിളിച്ചാൽ എടുക്കുന്ന ടോൾഫ്രീ നമ്പർ കൊടുത്തതുകൊണ്ടോ ഒന്നും ഇവിടെ വിഷയങ്ങൾ അവസാനിക്കുന്നില്ല, ഇവിടെ നടപടികളാണ് വേണ്ടത്. വാളയാർ കേസിലെ പ്രതികൾ ശിക്ഷിക്കപ്പെടാതെ, നിയമത്തിന്റെ പഴുതുകളിലൂടെ രക്ഷപ്പെട്ടുവെന്നത് പരമമായ യാഥാർത്ഥ്യമായി

നമ്മുടെ മുൻപിൽ നിൽക്കുകയാണ്. അത് കേരള സമൂഹത്തിന് നൽകിയിരിക്കുന്ന അപമാനം ചെറുതല്ല. അതെന്തുകൊണ്ട് നിങ്ങൾ തുറന്ന് സമ്മതിക്കുന്നില്ല? അത് യാഥാർത്ഥ്യമല്ലേ, അത് ഗവൺമെന്റ് തുറന്ന് സമ്മതിക്കണം. ഈ അടുത്ത കാലത്ത് ഉണ്ടായതിൽ ഏറ്റവും പ്രമാദമായ കേസാണ് വാളയാർ കേസ്. വാളയാർ കേസിലെ പ്രതികൾ എന്തുകൊണ്ട് രക്ഷപ്പെട്ടു? അതിൽ ഗവൺമെന്റിന്റെ കൃത്യമായ നിലയിലുള്ള നടപടികൾ ഉണ്ടായിട്ടില്ല. പോലീസിന്റെ വീഴ്ചയും, അനാസ്ഥയും അക്കാര്യത്തിൽ ഉണ്ടായി എന്നത് വാസ്തവമാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളല്ല ശ്രീമതി ഷാനിമോൾ ഉസ്മാൻ ആവർത്തിച്ചത്. പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കേണ്ട സാഹചര്യം വന്നതെന്തുകൊണ്ടാണ്? ഇതിനകത്തൊന്നും നടപടികൾ വരുന്നില്ലെന്നതുകൊണ്ടുതന്നെയാണ് ഇത് ഞങ്ങൾ ആവർത്തിച്ചാവർത്തിച്ച് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പക്ഷെ ഗവൺമെന്റ് കണ്ണടച്ചിരുന്നാൽ ഇനിയും ഇത് ആവർത്തിക്കുമെന്നതാണ് യാഥാർത്ഥ്യം. ഇത്തരത്തിലുള്ള വിഷയങ്ങൾ ചർച്ച ചെയ്യേണ്ടിയിരുന്നു, അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഈ പറയുന്ന വിവാദ സ്ഥലമായ വാളയാർ പാലക്കാട് ജില്ലയിലെ മലമ്പുഴ മണ്ഡലത്തിൽപ്പെട്ടതാണ്. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ പ്രതിനിധീകരിക്കുന്ന മണ്ഡലമാണ്. പ്രായാധിക്യവും വിഷമങ്ങളുമുള്ളതിനാൽ അവിടെ അദ്ദേഹത്തിന് പോകാൻ സാധിക്കുന്നില്ല. അതുകൊണ്ട് അവിടെയുള്ള കാര്യങ്ങൾ മുഴുവൻ കൈകാര്യം ചെയ്യുന്നത് ലോക്കലായിട്ടുള്ള പാർട്ടിനേതാക്കന്മാരാണ്. ആ നേതാക്കന്മാരാണ് വാസ്തവത്തിൽ...., ഞാൻ അവിടെ പോയി അന്വേഷിച്ചതാണ്. ഈ സംഭവം നടന്ന് രണ്ട് ദിവസത്തിനകം ഞാൻ അവിടെ പോയി വീടുകൾ സന്ദർശിച്ചു. ചുറ്റുമുള്ള ആൾക്കാരോട് സംസാരിച്ചു. എനിക്ക് വളരെ വ്യക്തമായി ബോധ്യപ്പെട്ടത്, ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അസാന്നിദ്ധ്യം പ്രയോജനപ്പെടുത്തിക്കൊണ്ട് അവിടുത്തെ പോലീസും ഭരണസംവിധാനവും മുഴുവൻ നിയന്ത്രിക്കുന്നതായ ചില പാർട്ടിനേതാക്കന്മാരുണ്ട്. അവരാണ് ഇതിലെ പ്രധാനപ്പെട്ട പ്രതികൾ. അതുകൊണ്ടാണ് വാസ്തവത്തിൽ ഇക്കാര്യത്തിൽ അച്ഛനും അമ്മയുമൊക്കെ പോയി പറഞ്ഞിട്ടും കാര്യങ്ങൾ മുന്നോട്ട് പോകാത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നേരിട്ട് അഭ്യർത്ഥിക്കാനുള്ളത്, വാസ്തവത്തിൽ ഇക്കാര്യത്തിൽ അദ്ദേഹം തന്നെ മുൻകൈ

എടുത്തുകൊണ്ട് സി.ബി.ഐ.-ക്ക് വിടാനോ അല്ലെങ്കിൽ ജുഡീഷ്യൽ കമ്മീഷനെ നിയമിക്കാനോ തയ്യാറാകണം. എങ്കിൽ മാത്രമേ ഇതിന്റെ മുഴുവൻ വശങ്ങളും അതുമായി ബന്ധപ്പെട്ട മുഴുവൻ ആൾക്കാരും പുറത്തുവരികയുള്ളൂ. നമ്മൾ ഈ സംഭവങ്ങളെപ്പറ്റി വിശദമായി ഒട്ടേറെ കാര്യങ്ങൾ പറഞ്ഞതുകൊണ്ട് കാര്യമില്ല. സ്പെസിഫിക്കായൊരു ക്ലിയർ കേസാണിത്. പാർട്ടി നേതാക്കന്മാർ ഇടപെട്ടുകൊണ്ട് ഇത്തരത്തിലൊരു അനീതി ചെയ്തിരിക്കുന്നു. ഏത് പാർട്ടിക്കാരനായാലും ശരി, അവരെ ശിക്ഷിക്കേണ്ടത് ആവശ്യമാണ്. അത് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന, അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഒ. രാജഗോപാൽ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് വളരെ ഗൗരമായി കണ്ടതിന്റെ ഭാഗമായിട്ടാണ് ഒരു ജുഡീഷ്യൽ എൻക്വയറിക്ക് ഇത് വിട്ടിട്ടുള്ളത്. അതിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ചേർത്തലയിൽ നിന്നും വന്ന ഒരു ബി.ജെ.പി.-ക്കാരൻ ഇതിനകത്ത് പ്രതിയാണ്. രാജേട്ടന് അറിയുമോയെന്നുള്ളത് എനിക്കറിയില്ല,

എല്ലാപേരും വന്നോട്ടെ നമുക്ക് എന്താണ് അതിൽ പ്രശ്നം.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞ സന്ദർഭത്തിൽ ഒരു വാചകം പറഞ്ഞത് ബഹുമാനപ്പെട്ട അംഗം ശ്രീമതി ഷാനിമോൾ ഉസ്മാന് അൽപ്പം പ്രയാസമുണ്ടാക്കിയ കാര്യമാണ്. 'വനിതാ കമ്മീഷനോട് അംഗത്തിന് എന്തോ കുശുമ്പാണെ'ന്ന് പറഞ്ഞു. ആ വാചകം ശരിയായില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ വാചകം പിൻവലിക്കുകയാണെങ്കിൽ നല്ല കാര്യമാണ്. കുശുമ്പും അസൂയയും തോന്നത്തക്ക നിലയിലുള്ള ഒരാളും വനിതാ കമ്മീഷന്റെ പ്രവർത്തനത്തിലില്ല എന്നുള്ളതാണ് സത്യം.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, പ്രസ്തുത വാചകം സഭാരേഖകളിൽ കാണരുത്. ചട്ടം 307-ൽ പറയുന്നത് ചർച്ചകളിൽനിന്ന് വാക്ക് നീക്കം

ചെയ്യുന്നത് സംബന്ധിച്ചാണ്. അപകീർത്തികരമോ അസഭ്യമോ സഭ്യേതരമോ അന്തസ്സില്ലാത്തതോ ആയ വാക്കുകൾ ചർച്ചാ വേളകളിൽ ഉണ്ടായിട്ടുള്ളതായി ബഹുമാനപ്പെട്ട സ്പീക്കർക്ക് അഭിപ്രായമുണ്ടെങ്കിൽ അത് വിവേചനാധികാരമുപയോഗിച്ച് നീക്കം ചെയ്യാവുന്നതാണ് എന്ന് ഇതിൽ പറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപയോഗിച്ച വാചകം എന്നെ സംബന്ധിച്ച് അപമാനകരമായിപ്പോയി.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വനിതാ കമ്മീഷൻ ഇവിടെ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള വനിതാ കമ്മീഷനെ വളരെ മോശമായ രീതിയിൽ പറയണമെങ്കിൽ അതിന് കുശുമ്പ് മാത്രമാണ് കാരണം. അതാണ് ഞാൻ പറഞ്ഞത്. 'കുശുമ്പ്' എന്നത് സഭ്യേതരമായ ഒരു വാക്കേ അല്ല.